**പതിനാലാം കേരള നിയമസഭ**

**ഒൻപതാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.415**

**24-01-2018 ൽ മറുപടിക്ക്**

**കുട്ടിലങ്ങാടി ഗ്രാമപഞ്ചായത്തിൽ തടയണ നിർമ്മാണത്തിനുള്ള ഫണ്ട്**

| ചോദ്യം<br>ശ്രീ. ടി. എ. അഹമ്മദ് കബീർ | മറുപടി<br>ശ്രീ. റ്റി.എം. തോമസ് ഐസക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) കുട്ടിലങ്ങാടി ഗ്രാമപഞ്ചായത്തിൽ കടലുണ്ടി പുഴയിൽ ആനപ്പാറ പൊറ്റമ്മൽ കടവിനു സമീപം ഒരു തടയണ (വി.സി.ബി) നിർമ്മിക്കുന്നതിന് ധനവകുപ്പ് ഫണ്ട് അനുവദിച്ചിട്ടുണ്ടോ;<br>(ബി) പ്രസ്തുത വി.സി.ബി. നിർമ്മിക്കുന്നതിനായി ജലസേചനവകുപ്പിൽ നിന്ന് ശിപാർശ ലഭിച്ചിട്ടുണ്ടോ; | കടലുണ്ടി പുഴ ഉൾപ്പടെ 20 നദികൾക്ക് കുറുകെ 30 റെഗുലേറ്ററുകൾ കിഫ് ബി ഫണ്ടിൽ നിന്നും അനുവദിക്കുമെന്ന് 2017-18 ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ടെങ്കിലും കടലുണ്ടി പുഴക്ക് കുറുകെ പുഴങ്കാവിൽ റെഗുലേറ്റർ നിർമ്മിക്കുന്നതിനായി ജലസേചന വകുപ്പ് 17-10-2017 ലെ സ.ഉ.(സാധാ) 859/ 2017/ ജ.വി.വ പ്രകാരം ഭരണാനുമതി പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിന്റെ വിശദമായ റിപ്പോർട്ട് മാത്രമാണ് കിഫ്ബിയിൽ നാളിതുവരെ ലഭ്യമായിട്ടുള്ളത്. പ്രസ്തുത റിപ്പോർട്ട് കിഫ്ബിയുടെ സൂക്ഷ്മ പരിശോധനക്ക് വിധേയമാക്കിയിട്ടുണ്ട്. |
| (സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടത്തിയ രണ്ട് ബജറ്റ് പ്രസംഗത്തിലും പ്രസ്തുത തടയണക്ക് തുക അനുവദിച്ച് നൽകുന്നതിന് പ്രഖ്യാപനം നടത്തിയിട്ടുണ്ടോ;<br>(ഡി) എങ്കിൽ പ്രസ്തുത തുക അനുവദിക്കുന്നതിന് ഉണ്ടായ കാലതാമസം വിശദമാക്കാമോ? | 2017-18 ലെ ബഡ്ജറ്റ് പ്രസംഗത്തിലെ 169-ാം ഖണ്ഡികപ്രകാരം കടലുണ്ടിപ്പുഴയുൾപ്പെടെ ഇരുപതോളം നദികളിൽ ഉചിതമായ സ്ഥലങ്ങളിൽ മുപ്പതോളം റഗുലേറ്ററുകൾ നിർമ്മിക്കുന്നതിനായി കിഫ്ബിയിൽ നിന്നും 600 കോടി രൂപ നിക്ഷേപിക്കുന്നതാണെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. എന്നാൽ (എ), (ബി) പിരിവുകൾക്കുള്ള മറുപടിയുടെ അടിസ്ഥാനത്തിൽ കടലുണ്ടി പുഴക്ക് കുറുകെ പുഴങ്കാവിൽ റെഗുലേറ്റർ നിർമ്മിക്കുന്നതിനുള്ള വിശദമായ റിപ്പോർട്ട് മാത്രമാണ് കിഫ്ബിയിൽ നാളിതുവരെ ലഭ്യമായിട്ടുള്ളത്. ആയതിനാൽ ആനപ്പാറ പൊറ്റമ്മൽക്കടവിനു സമീപം തടയണ നിർമ്മിക്കുന്നതിനുള്ള പദ്ധതിക്ക് കിഫ്ബിയിൽ നിന്നും ധനസഹായം അനുവദിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ